# M.J.S.S.A. വാർഷിക പരീക്ഷ 2020

**Pluss II** **Answerkey** **Marks -100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** (15X1=15)

1. മെബേസ്സർ 2. ലേവി, 3. വി.ലൂക്കോസ്, 4. ക്രിസ്തു, 5. അലക്സന്ത്രിയ 6. മോർ അപ്രേം, 7. ബസേലിയോസ് 8.വിശപ്പ്
9. എമ്മിലിയ, 10. കുടുംബം, 11. മാദ്ധ്യമങ്ങൾ, 12. സത്യവിശ്വാസം, 13. പത്രോസ്, 14. കിഴക്ക്, 15. പറുദീസ

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** (15X2=30)

16. ആരാധനയിൽ കേന്ദ്രീകൃതമായൊരു ആദ്ധ്യാത്മീകതയ്ക്ക് പ്രാധാന്യം നല്കുന്നു. (പേജ് 113/2)
17. നിർഭയത്വവും, സത്യസന്ധതയും സമൂഹപരിവർത്തന തത്പരതയും (പേജ് 100/5)
18. സ്നേഹിക്കാനും സന്താനങ്ങൾക്ക് ജന്മം വൽകാനും അതിലൂടെ ക്രിസ്തു സ്നേഹത്തിന്റെ സജീവ സാക്ഷികളാകാനും. (പേജ് 93/2)
19. ദാമ്പത്യ, കുടുംബ ജീവിതത്തിന്റെ ദൈനംദിന ഉത്തരവാദിത്വങ്ങൾ നന്നായി നിർവ്വഹിക്കുന്നതിൽ (പേജ് 87/2)
20. ദമ്പതികളുടെ ജീവിതാവസ്ഥയ്ക്ക് അനുയോജ്യമായ കടമകളും മഹത്വവും പൂർത്തീകരിക്കുന്നതിന് ആവശ്യമായ അഭിഷേകം (പേജ് 78/2)
21. നിങ്ങൾ വർദ്ധിച്ചു പെരുകി ഭൂമി നിറഞ്ഞ് അതിനെ കീഴ്പ്പെടുത്തുവിൻ (പേജ് 75/1)
22. ആദ്യ മനുഷ്യൻ സ്വതന്ത്രേച്ഛയാൽ ഉരിഞ്ഞു കളഞ്ഞ മഹത്വ വസ്ത്രം അവനെ ധരിപ്പിക്കാൻ (പേജ് 53/2)
23. പറുദീസായ്ക്ക് ചുറ്റുമുള്ള വേലിയും, ചുറ്റിത്തിരിയുന്ന വാളും നീക്കപ്പെട്ടു. (പേജ് 42/2)
24. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള വിശദീകരണവും, ദൈവത്വത്തിൽ താൻ പിതാവിനോട് തുല്യനാണെന്ന പ്രഖ്യാപനവും (പേജ് 33/2)
25. ജോലി ചെയ്യാൻ കഴിയാത്തവന് മാത്രം (പേജ് 26/2)
26. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്ഥാനം അവകാശപ്പെടുന്ന ഒരു ഭൗമീക പിതാവോ ക്രിസ്തുവിന്റെ സ്ഥാനം അവകാശപ്പെടുന്ന ഒരു യജമാനനൊ ഗുരുവോ, ഇടയനൊ ഉണ്ടാകുവാൻ പാടില്ല. (പേജ് 21/2)
27. പഴയനിയമ പ്രവാചകന്മാരേയും പുതിയനിയമ സഭയേയും കൂട്ടിയിണക്കുന്ന കണ്ണി. (പേജ് 14/3)
28. യഹൂദ മതത്തിൽ നിന്ന് ക്രൈസ്തവ മാർഗ്ഗം ആശ്ലേഷിച്ചവരെ. (പേജ് 13/4)
29. യേശു ദൈവത്തിന്റെ പുത്രനായ മ്ശിഹാ ആകുന്നു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും അങ്ങിനെ വിശ്വസിച്ച് തന്റെ നാമത്തിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടാകുവാനും ( പേജ് 11/2)
30. ദൈവവും മനുഷ്യനും തമ്മിലുള്ള സംവേദനത്തിന്റെ ചരിത്രം (പേജ് 5/1)

**ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.** (3X5=15)

31. വി. മർക്കോസ് തന്റെ സുവിശേഷം രചിക്കുന്നത് എഡി 70ൽ ആണെന്ന് വിശ്വസിക്കപ്പെടുന്നു. അതിന്റെ വലുപ്പം മറ്റു സുവിശേഷങ്ങളെ അപേക്ഷിച്ച് ചെറുതും എന്നാൽ ആശയം സ്പഷ്ടവുമാണ്. എപ്പോഴും വിഷയങ്ങൾ നേരിട്ട് അവതരിപ്പിക്കുന്ന രീതിയാണ് വി. മർക്കോസ് സ്വീകരിച്ചിരിക്കുന്നത്. കർത്താവായ യേശു തമ്പുരാന്റെ ക്രൂശുമരണവും സഹനവുമാണ് ഈ സുവിശേഷത്തിന്റെ മുഖ്യപ്രമേയം. അതുകൊണ്ടുതന്നെ പീഢാനുഭവരംഗങ്ങളുടെ വിവരണത്തിനാണ് ഊന്നൽ നൽകുന്നത്. യഥാർത്ഥ ശിഷ്യൻ യേശുവിന്റെ പാത പിൻതുടരുന്നവനാകണമെന്ന ആശയമാണ് ഇവിടെ പ്രധാനമായും പ്രബോധിപ്പിക്കുന്നത്. (പേജ് 14/1)

32. മാതാപിതാക്കൾ മക്കൾക്ക് ദൈവത്തെ മൂർത്തമായി അവതരിപ്പിക്കുന്നു; പ്രത്യേകിച്ച് ശിശുക്കളായിരിക്കുമ്പോൾ. ദൈവസ്നേഹം മക്കൾക്ക് യാഥാർത്ഥ്യമാക്കുന്നത് മാതാപിതാക്കളാണ്. ഗർഭധാരണ നിമിഷം മുതലുള്ള മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ച് സഭ പഠിപ്പിക്കുന്നു. ജീവന്റെ ആരംഭത്തിൽ ലഭിക്കുന്നത് നീണ്ടുനിൽക്കും. മക്കളുടെ മാനുഷികവും ആത്മീയവുമായ ജീവൻ വികസിപ്പിക്കുന്നതിനു മാതാപിതാക്കൾ കടപ്പെട്ടിരിക്കുന്നു. മക്കളുടെ ആദ്യ സുവിശേഷകരും മാതാപിതാക്കൾ തന്നെ. വെറും വാക്കുകൾ കൊണ്ടല്ല, എന്നാൽ സ്നേഹം തങ്ങളുടെ അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ടായിരിക്കണം ആ സുവിശേഷ വേല. ( പേജ് 86/ 2)

33. പഴയനിയമത്തിലെ പല ഗ്രന്ഥങ്ങൾക്കും അത്താനാസ്യോസ് വ്യാഖ്യാനം എഴുതിയിട്ടുണ്ടെങ്കിലും സങ്കീർത്തനത്തിന്റെ വ്യാഖ്യാനം മാത്രമേ ലഭ്യമായിട്ടുള്ളു. വിശ്വാസ സംവാദപരമായി 'പുറജാതിക്കാർക്കെതിരെ' എന്നും, 'വചനം ജഡമായതിനെക്കുറിച്ച്' എന്നുമുള്ള കൃതികൾ ആദ്യകാലസൃഷ്ടികളിൽപ്പെടുന്നു. അറിയൂസുകാർക്കെതിരെയുള്ള ബൃഹത്തായ കൃതിയിലാണ് അത്താനാസ്യോസിന്റെ ക്രിസ്തുശാസ്ത്ര ചിന്താഗതികൾ വ്യക്തമാക്കുന്നത്. കൂടാതെ നിഖ്യാസുന്നഹദോസിന്റെ പ്രഖ്യാപനങ്ങൾ എന്ന ലേഖനവും, അന്തോനിയോസിന്റെ ജീവചരിത്രം എന്ന ആദ്ധ്യാത്മിക കൃതിയും, മറ്റു ചില ലഘുപ്രബന്ധങ്ങളും, ലേഖനങ്ങളും അത്താനാസ്യോസിന്റെ കൃതികളിൽ ഉൾപ്പെടുന്നു. (പേജ് 32, 33/3)

**നാലു പേജിൽ കുറയാതെ ഉപന്യസിക്കുക** (2X12=24)

34. **ബേസിലും സാമൂഹ്യപ്രവർത്തനവും** - ലോകത്തിൽ നിന്ന് ഓടി ആശ്രമത്തിൽ .......................... ഇന്നത്തെ ലോകം എത്ര വ്യത്യസ്തം. (പേജ് 67,68,69)

Or

**ആരാധന കേന്ദ്രീകൃതം** - സുറിയാനി സഭയുടെ ഏറ്റവും വലിയ ................. ആരാധനയുടെ ഈ നിത്യത സുറിയാനി സഭയുടെ സവിശേഷതയാണ്. (പേജ് 113,114)

P.T.O.

35 **മാദ്ധ്യമം ഒരു നല്ല അദ്ധ്യാപകൻ**

രാഷ്ട്രത്തിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരായി മാദ്ധ്യമങ്ങൾ മാറണം. പൊതുജനഹിതം പ്രതിഫലിപ്പിക്കപ്പെടണം. ................ പത്രം തീർച്ചയായും ഫോർത്ത് എസ്റ്റേറ്റാണ്. അത് വലിയ ശക്തിയുമാണ്. ആ ശക്തി ദുർവിനിയോഗം ചെയ്യുന്നത് കുറ്റകരമാണ്. (പേജ് 99, 100, 101)

Or

**മോർ അപ്രേം (306–373)** – മഹാനായ മോർ അപ്രേം മെസൊപ്പൊട്ടോമിയായിലെ നിസിബിസ് പട്ടണത്തിലോ അതിനടുത്തോ ആണ് ജനിച്ചത് ......................... മോർ അപ്രേമിന്റെ മിക്ക കൃതികളെയും കുറിച്ച് പഠിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പേജ് 33,34,35,36

**ഗീതം പൂരിപ്പിക്കുക** (1X6=6)

36. ദൈവമുയിർത്തു മഹത്ത്വത്തോടാ –
ദാമിനേയും തൻ –
മക്കളേയും ജീവിപ്പിച്ചു
ദൂതഗണം തൽപതിയേ വാഴ്ത്തി
ഭൂമിവിളങ്ങി
ഭ്രമമൊടു കാവൽക്കാർ നിന്നു.
ശെമഓൻകീപ്പാ യോഹന്നാനൊടു –
മൊന്നിച്ചീനാൾ
ആ കബറിടമതിലേക്കോടി
യാക്കോബാനന്ദിച്ചു തോമാ
തൃപ്തിപ്പെട്ടു.
മത്തായി സ്തോത്രം പാടി.

**പ്രാർത്ഥന പൂർത്തിയാക്കുക** (1X10=10)

37. മറിയാം പറഞ്ഞതെന്തെന്നാൽ : എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നൻമാരെ വ്യർത്ഥമായി അയക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേയ്ക്കും തന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. ബാറക്മോർ.